പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 175 — 7.12.2015-ലെ മറുപടിക്ക്

## ജയിലുകൾ

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.എം.ഉമ്മർ
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളിൽ ഒരു വിഭാഗം തടവുകാർ സംഘടിത അക്രമങ്ങൾ നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു വിഭാഗം തടവുകാർ അക്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ മറ്റ് തടവുകാർക്കും, ജയിൽ ഉദ്യോഗസ്ഥർക്കും ഭീഷണിയാവുന്ന പ്രസ്തുത പ്രവണത അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ബി) യും (സി)യും : ഇത്തരം അക്രമങ്ങൾ അവസാനിപ്പിക്കാൻ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുകയും, അക്രമങ്ങൾക്ക് ഉത്തരവാദിയാകുന്നവർക്കെതിരെ ജയിൽ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |
| സി) ജയിൽ നിയമങ്ങൾ കർശനമായി നടപ്പാക്കാനും, സഹതടവുകാരുടെ സുരക്ഷയും, അവകാശങ്ങളും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ